പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 970 **14-10-2026-ൽ മറുപടിയ്ക്ക്**

മാട്ടുമലയിലെ പാർപ്പിട സമുച്ചയം നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമലയിലെ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്കായി ത്രിതല ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ;

മറുപടി: കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ചേളന്നൂർ, പുതുക്കാട്, ലക്കിടി പേരൂർ എന്നീ സ്ഥലങ്ങളിൽ, സാഫല്യം ഭവന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 5,89,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 2,98,11,445 രൂപയാണ് തൃശ്ശൂർ ജില്ലയിലെ പുതു ക്കാട് സാഫല്യം പദ്ധതി പൂർത്തികരിക്കുവാനായി അനുവദിച്ചിട്ടുള്ളത്. പുതുക്കാട്, 48 ഫ്ലാറ്റുകളുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പാർപ്പിട പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ